## തിരുവനന്തപുരം ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്

**പുറപ്പെടുവിക്കുന്നത് : സൂസൻ ഗോപി**

വിഷയം:- വനം വകുപ്പ് - ജീവനക്കാര്യം - സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റിന് ഫെയർകോപ്പി സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകികൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ് - സംബന്ധിച്ച്.

സൂചന:-

1. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലെ 27-11-2018-ലെ ഇ2-26371/18-ാം നമ്പർ ഉത്തരവ്.
2. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലെ 19-06-2019-ലെ ഇ2-4047/14-ാം നമ്പർ ഉത്തരവ്.
3. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലെ 19-08-2019-ലെ ഇ2-4047/14-ാം നമ്പർ ഉത്തരവ്.
4. സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീ.എസ്.ശിവരാമകൃഷ്ണന്റെ 15-06-2019 -ലെ അപേക്ഷ.
5. സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീ.എസ്.ശിവരാമകൃഷ്ണന്റെ 03-09-2019-ലെ അപേക്ഷ.

**ഉത്തരവ് നമ്പർ ഇ2- 4047/14 തീയതി 03-12-2019**

വനംവകുപ്പ് ആസ്ഥാനത്ത് ഫെയർകോപ്പി സൂപ്രണ്ടായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി. ഡി.ഉഷാകുമാരി 30-11-2019-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനെത്തുടർന്ന് ഫെയർകോപ്പി സൂപ്രണ്ടിന്റെ തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. സൂചന (1) പ്രകാരം പുറപ്പെടുവിച്ച സീനിയോറിറ്റി ലിസ്റ്റിലെ, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് വിഭാഗത്തിലെ ക്രമനമ്പർ 06 ആയ ശ്രീമതി. പി.ഡി.ജലജവരെയുള്ളവർക്ക് സൂചന (3) പ്രകാരം ഫെയർകോപ്പി സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്.

സൂചന (1) സീനിയോറിറ്റി ലിസ്റ്റിലെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് വിഭാഗത്തിലെ ക്രമനമ്പർ 04 ആയ ശ്രീ.എസ്.ശിവരാമകൃഷ്ണൻ ടിയാന് ഫെയർകോപ്പി സൂപ്രണ്ടായി സ്ഥാനക്കയറ്റം ആവശ്യമില്ലായെന്ന് നിശ്ചിത പ്രൊഫോർമയിൽ അല്ലാതെ സൂചന (4) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്ന സഹചര്യത്തിൽ ടിയാനെ അപ്പോൾ ഉണ്ടായ ഒഴിവിൽ പരിഗണിക്കാതെ സൂചന (1) സീനിയോറിറ്റി ലിസ്റ്റിലെ ടിയാന് താഴെയുള്ളവർക്ക്

ഫെയർകോപ്പി സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകുകയാണുണ്ടായത്. എന്നാൽ ടിയാനെ സ്ഥാനക്കയറ്റത്തിന് പരിഗണിക്കണമെന്ന് ഉചിതമാർഗത്തിൽ സൂചന (5) പ്രകാരം ടിയാൻ വീണ്ടും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടി അപേക്ഷ പരിശോധിച്ചതിൽ ടിയാനെ 01-12-2019 ന ഉണ്ടായ ഒഴിവിൽ ഉദ്യോഗ കയറ്റത്തിന് പരിഗണിക്കാവുന്നതാണെന്ന് കണ്ടതിനാൽ സൂചന (2) ലെ തീരുമാനം റദാക്കികൊണ്ട് സൂചന (1) സീനിയോറിറ്റി ലിസ്റ്റിലെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് വിഭാഗത്തിലെ ക്രമനമ്പർ 04 ആയ ശ്രീ. എസ്.ശിവരാമകൃഷ്ണന് 30,700-65,400/- ശമ്പള സ്കെയിലിൽ ഫെയർകോപ്പി സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി വനംവകുപ്പ് ആസ്ഥാന ഓഫീസിൽ നിലവിൽ വന്ന ഒഴിവിലേക്ക് നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

ടിയാന് മേൽ വിവരിച്ച ശമ്പള സ്കെയിലിൽ സമയബന്ധിത ഹയർഗ്രേഡ് ലഭിച്ചിട്ടുണ്ടെങ്കിൽ സ്ഥാനക്കയറ്റത്തെത്തുടർന്നുള്ള ശമ്പള നിർണ്ണയത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

<u>പകർപ്പ്</u>

1. വ്യക്തിക്ക് മേലധികാരി മുഖേന.
2. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന് അറിവിലേക്ക്.
3. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഐ.റ്റി) ക്ക് വനം വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി.
4. എല്ലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും അറിവിനായി.
5. സർവ്വീസ് ബുക്ക്/സ്റ്റോക്ക് ഫയൽ

C:\Users\E2\Desktop\E2\Faircopy.Doc